(ബി) പ്രസ്തുത കേസ്സുകളിൽ എത്ര കൊലപാതക കേസ്സുകൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) വ്യാജ ചാരായവും, വ്യാജകള്ളും വില്പന പ്രധാന വ്യവസായമായി വളർന്നു വന്നിരിക്കുന്ന സാഹചര്യത്തിൽ പോലീസിലെയും എക്സൈസിലെയും, ഉയർന്ന ഉദ്യോഗസ്ഥരുടെയും മദ്യലോബിയുടെതുമായ ഒരു അധോലോകസംഘം സംസ്ഥാനത്ത് വളർന്നു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 24 കേസ്സുകൾ.

(ബി) രണ്ട്.

(സി)&(ഡി) ബാധകമല്ല.

വ്യാജമദ്യമാഫിയയുടെ അക്രമം

(51) ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജമദ്യമാഫിയയുടെ അക്രമം വർദ്ധിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു തടയുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യാജമദ്യ പ്രവർത്തനവുമായി ബന്ധപ്പെട്ട എത്ര അക്രമസംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദവിവരം വ്യക്തമാക്കാമോ;

(സി) വ്യാജമദ്യപ്രവർത്തകരുമായുള്ള ഏറ്റുമുട്ടലിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ട്; എത്ര പേർക്ക് പരിക്കേറ്റിട്ടുണ്ട്;

(ഡി) വ്യാജമദ്യമാഫിയ പ്രവർത്തകരുടെ അക്രമം മൂലമാണോ ഹരിപ്പാട് സ്വദേശി സതീഷ്കുമാർ മരണമടഞ്ഞത്. എങ്കിൽ ആശ്രിതർക്ക് സർക്കാർ ആവശ്യമായ ധനസഹായം നൽകിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ധനസഹായം നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)-(ഇ) വിവരം ശേഖരിച്ചുവരുന്നു.

പോലീസ് സ്റ്റേഷൻ ആക്രമണം

(52) ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പോലീസ് സ്റ്റേഷൻ ആക്രമിച്ച സംഭവം എവിടെയെല്ലാം ഉണ്ടായിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ഇതിലെല്ലാം കൂടി എത്ര പ്രതികളുണ്ട്;

(ഡി) ഈ പ്രതികളിൽ എത്ര പേർ വീതം ഏതെല്ലാം രാഷ്ട്രീയ കക്ഷികളിൽപ്പെട്ടവരാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിലെ റാന്നി, പെരുംപെട്ടി എന്നീ പോലീസ് സ്റ്റേഷനിലും മലപ്പുറംജില്ലയിലെ പൊന്നാനി പോലീസ് സ്റ്റേഷനിലും.

(ബി) മൂന്നു കേസ്സുകൾ.

(സി) 79 പ്രതികളുണ്ട്.

(ഡി) സി.പി.എം. കോൺഗ്രസ് (ഐ) എന്നീകക്ഷികളിലെ പ്രവർത്തകരും ഒരു രാഷ്ട്രീയ കക്ഷികളിലുംപെടാത്തവരും ഇതിൽ ഉൾപ്പെടുന്നു.

എം.എൽ.എ.യെ ആക്രമിച്ച സംഭവം

(53) ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പാർലമെന്റ് തെരഞ്ഞെടുപ്പുദിനമായ സെപ്തംബർ 11 ന് ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ബ്ലാത്തൂർ ഗാന്ധി വിലാസം ബൂത്തിൽ വെച്ച് സ്ഥാനാർത്ഥി മുല്ലപ്പള്ളി രാമചന്ദ്രന്റെ ചീഫ് ഇലക്ഷൻ ഏജന്റ് കെ.സി.ജോസഫ്, എം.എൽ.എ യെ കൈയേറ്റം ചെയ്യുകയും യു.ഡി.എഫ്, പ്രവർത്തകരെ ആക്രമിച്ച് പരിക്ക് ഏൽപിക്കുകയും ചെയ്ത കേസ്സ് അന്വേഷണം പൂർത്തിയായി ചാർജ് ചെയ്തിട്ടുണ്ടോ?

ഉത്തരം

ഇതു സംബന്ധിച്ച് ഇരിക്കൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ104/99 ആയി രജിസ്റ്റർചെയ്ത കേസ്സ് അന്വേഷണാവസ്ഥയിലാണ്.

പത്രസ്ഥാപനങ്ങൾക്കും പത്രപ്രതിനിധികൾക്കും എതിരെയുള്ള കയ്യേറ്റം

(54) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ ഏതെല്ലാം പത്രസ്ഥാപനങ്ങൾക്കും പത്രപ്രതിനിധികൾക്കുമെതിരെ അതിക്രമം ഉണ്ടായിട്ടുണ്ട്;

(ബി) ഇപ്രകാരം അതിക്രമം നടത്തിയവരിൽ ഭരണകക്ഷിയിൽപ്പെട്ട എത്ര പേരുണ്ട്;

(സി) ഈ അതിക്രമംമൂലം എന്ത് നാശനഷ്ടമുണ്ടായിട്ടുണ്ട്;

(ഡി) ഇപ്രകാരം അതിക്രമം നടത്തിയവരുടെ മേൽ എന്തെല്ലാം നടപടികളെടുത്തു;

LIBRARY ARCHIVES Kerala Legislative Assembly